(ബി) ഇതിന്റെ നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ടോ ;

(സി) ഇതിന്റെ പണി പുനരാരംഭിച്ചിട്ടുണ്ടോ ; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) പണിപൂർത്തിയാക്കാതെ ഇതിന്റെ ഉദ്ഘാടനം ജലസേചന വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കണക്കൻകടവ് ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ ശിലാസ്ഥാപനം 14-11-1983-നാണ് നടത്തിയത്. 29-6-1984-ൽ പണി തുടങ്ങിയ ഈ പ്രോജക്റ്റ് 28-6-1987 ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ ഈ കാലങ്ങളിൽ പ്രസ്തുത പണിക്കായി അലോട്ടു ചെയ്ത ഫണ്ടിന്റെ കുറവു മൂലവും പണിയുടെ രൂപകല്പനയിൽ വന്ന ചില മാറ്റങ്ങൾകൊണ്ടും പണി ഉദ്ദേശിച്ച രീതിയിൽ പുരോഗമിച്ചില്ല. അതുകൊണ്ട് 26-7-1987-ന് ശേഷം ഈ പ്രോജക്ടിന്റെ പണി മുടങ്ങുകയും 26-6-1991-ൽ പണി ഏറ്റെടുത്തിരുന്ന കരാറുകാരനെ ഒഴിവാക്കുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) ഉണ്ട്. 30.9.1999-ൽ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 1200 ലക്ഷം രൂപ.

(ഇ) ഉണ്ടായില്ല.

(എഫ്) 1-6-1994-ൽ പുനരാരംഭിച്ച ഇതിന്റെ പണി 31-3-1999-ൽ പൂർത്തിയാക്കി. 30-5-1999 ന് മുമ്പ് പ്രോജക്ടിന്റെ എല്ലാ പണികളും തീർക്കുവാൻ ലക്ഷ്യമിട്ട് ഉദ്ഘാടന തീയതി നിശ്ചയിച്ചു. എന്നാൽ പെട്ടെന്നുണ്ടായ കനത്ത മഴമൂലം അപ്രോച്ച് റോഡിന്റെ മെറ്റലിംഗ്, ടാറിംഗ്, റഗുലേറ്റർ ഷട്ടർ ഘടിപ്പിക്കൽ എന്നി പണികൾ ചെയ്തു തീർക്കാൻ കഴിയാതെവന്നു. ബാക്കിയുള്ള പണികൾ തീർത്ത് പാലം ഗതാഗതത്തിനായി തുറന്നുകൊടുത്തു കഴിഞ്ഞു.

വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സഹായം

99 (2011) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ആറ്റുതീരങ്ങളിൽ താമസിക്കുന്ന പത്തും പതിനഞ്ചും സെന്റുവീതം ഭൂമിയുള്ള പാവപ്പെട്ടവരുടെ ഭൂമി നഷ്ടപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഭൂമി നഷ്ടപ്പെട്ട ഇവർക്ക് എന്തു സഹായമാണ് ഗവൺമെന്റ് നൽകുന്നത് ;

(സി) ഇവർക്ക് പകരം ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി & സി) വെള്ളപ്പൊക്കംമൂലം കര ഇടിച്ചിൽ തടയുന്നതിനു നടപടി സ്വീകരിക്കാറുണ്ട്. എങ്കിലും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവമൂലം വീട് പൂർണ്ണമായും ഭാഗികമായും നശിക്കുന്നവർക്കും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകാൻ വ്യവസ്ഥയുണ്ട്. പൂർണ്ണമായി നശിച്ച വീട് പുനർനിർമ്മിക്കുന്നതിന് മൂന്നു ഗഡുക്കളായി 15,000 രൂപയും ഭാഗികമായി വീടു നശിച്ചവർക്ക് നഷ്ടതോതനുസരിച്ച് പരമാവധി 5000 രൂപവരെയും നൽകും. വീടും സ്ഥലവും നശിച്ചവർക്ക് വീട് വയ്ക്കാൻ 4 സെന്റിൽ കവിയാത്ത സ്ഥലവും വീടുവയ്ക്കാൻ 15,000 രൂപയും നൽകാൻ വ്യവസ്ഥയുണ്ട്.

കണ്ണൻകടവ് കടലോരത്ത് കടൽഭിത്തി നിർമ്മാണം

100 (2012) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ കണ്ണൻകടവ് കടലോരത്ത് കടൽഭിത്തി കെട്ടാൻ ബഡ്ജറ്റിൽ പണമനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കടൽഭിത്തി നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് അനുവദിച്ചത് ;

(സി) പ്രസ്തുത പണികൾ എപ്പോൾ ആരംഭിക്കാനാണുദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏലത്തൂർ കടൽഭിത്തിക്ക് തെക്കുഭാഗത്തായി 750 മീറ്റർ നീളത്തിൽ (111 മീ.കെ.ഇ.ആർ.ഐ. 2718 തെക്കു മുതൽ 565 മീ. കെ. ഇ. ആർ. ഐ. 2711 തെക്ക് വരെ) കടൽഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 86 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഭരണാനുമതി നൽകിയശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

അണ്ടിത്തോട് ശുദ്ധജല വിതരണ പദ്ധതി

101(2013) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ അണ്ടിത്തോട് ശുദ്ധജലവിതരണ പദ്ധതിയുടേയും കോന്നി താഴം ശുദ്ധജലവിതരണ പദ്ധതിയുടെയും പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly